**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2772 10.03.2017-ൽ മറുപടിക്ക്**

## ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലെ സ്ഥാനക്കയറ്റം

| ചോദ്യം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | ഉത്തരം<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; | (എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ 176 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) അർഹതപ്പെട്ട ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാരായി പ്രമോഷൻ നൽകുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ;<br>(സി) എങ്കിൽ അർഹരായ അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) & (സി) സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് അനുസരിച്ച് എച്ച്.എസ്.എസ്.റ്റി മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തതിനാലാണ് പ്രമോഷൻ നൽകാതിരുന്നത്. പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.